## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5431** **28.07.2015-ൽ മറുപടിക്ക്**

### സ്മാർട്ട് സിറ്റികളും അമൃത് പദ്ധതികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>„ . കെ.എസ്.ശബരീനാഥൻ<br>„ സണ്ണി ജോസഫ്<br>„ പി.സി. വിഷ്ണുനാഥ്. | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) കേന്ദ്രസർക്കാരിന്റെ സ്മാർട്ട്സിറ്റികളും അമൃത് പദ്ധതികളും നടപ്പാക്കാൻ നടപടികൾ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ? | (എ) സ്മാർട്ട്സിറ്റികളും, അമൃത് പദ്ധതിയും നടപ്പാക്കാനുള്ള നടപടികൾക്ക് 2015 ജൂൺ 25-ാം തീയതി ബഹു. പ്രധാനമന്ത്രി ഔദ്യോഗികമായി തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ? | (ബി) ഭാരതത്തിലെ 500 സിറ്റികളിലെ വാട്ടർസപ്ലൈ, സിവറേജ്, സെപ്റ്റേജ് , സ്റ്റോം വാട്ടർ സംവിധാനങ്ങൾ; പെഡസ്ട്രിയൻ, പാർക്കിംഗ് സംവിധാനങ്ങൾ; ശിശു കേന്ദ്രീകൃത സുഖ സൗകര്യങ്ങൾ ഒരുക്കൽ എന്നീ മേഖലകളുമായി ബന്ധപ്പെട്ട സമഗ്ര വികസനമാണ് അമൃത് മിഷനിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. 100 നഗരങ്ങളെ തെരഞ്ഞെടുത്ത് അവയെ ലോക നിലവാരമുള്ള സ്മാർട്ട്സിറ്റികളായി ഉയർത്തുക എന്നതാണ് സ്മാർട്ട്സിറ്റി മിഷന്റെ ഉദ്ദേശലക്ഷ്യം. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) സർക്കാരിന്റെ 27.7.2015-ലെ ജി.ഒ (ആർ.റ്റി) നം. 2304/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അമൃത് മിഷൻ സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത മിഷന്റെ സംസ്ഥാന തല നോഡൽ ഏജൻസിയായി കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി)-യെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 27.7.2015-ലെ ജി.ഒ(ആർ.റ്റി) നം. 2299/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് സിറ്റി മിഷന്റെ സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ